"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മൃഗസംരക്ഷണ വകുപ്പ് - ജീവനക്കാര്യം - തിരുവനന്തപുരം ജില്ലാ വെറ്ററിനറി കേന്ദ്രത്തിലേയ്ക്ക് ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തികകൾ പുനർവിന്യസിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

മൃഗസംരക്ഷണ- (ഇ) വകുപ്പ്

സ.ഉ.(സാധാ) നം.127/2025/AHD തീയതി,തിരുവനന്തപുരം, 09-03-2025

---

പരാമർശം:- മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 20.02.2025 തീയതിയിലെ AHD/6180/2024-B2 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലാ വെറ്ററിനറി കേന്ദ്രത്തിൽ മെഡിസിൻ അഡ്മിനിസ്ട്രേഷൻ, E-TR പ്രവർത്തനങ്ങൾ, OP രജിസ്ട്രേഷൻ എന്നീ ജോലികൾ ചെയ്യുന്നത് ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരാണ്. കാലങ്ങളായി ജില്ലയിലെ തന്നെ നാലാഞ്ചിറ, ഉള്ളൂർ എന്നീ വെറ്ററിനറി ഉപകേന്ദ്രങ്ങളിലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരെ സ്പെഷ്യൽ ഡ്യൂട്ടിയിൽ നിയോഗിച്ചാണ് വെറ്റിനറി കേന്ദ്രത്തിലെ പ്രവർത്തനങ്ങൾ തടസ്സമില്ലാതെ മുന്നോട്ട് പോകുന്നത്. തിരുവനന്തപുരം ജില്ലയിലെ നാലാഞ്ചിറ, ഉള്ളൂർ എന്നീ വെറ്ററിനറി ഉപകേന്ദ്രങ്ങൾ യഥാക്രമം വെറ്ററിനറി ഹോസ്പിറ്റൽ നാലാഞ്ചിറ, വെറ്ററിനറി ഡിസ്പെൻസറി പോങ്ങുമ്മൂട് എന്നീ സ്ഥാപനങ്ങളോട് അറ്റാച്ച് ചെയ്താണ് പ്രവർത്തിക്കുന്നത്. മൃഗാശുപത്രികളോട് ചേർന്ന് പ്രവർത്തിക്കുന്നതിനാൽ പൊതുജനങ്ങൾക്ക് ഈ ഉപകേന്ദ്രങ്ങളുടെ സേവനം ആവശ്യമായി വരുന്നില്ല. ആയതിനാൽ കാലങ്ങളായി ഈ ഉപകേന്ദ്രങ്ങളിലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരെ തിരുവനന്തപുരം ജില്ലാ വെറ്ററിനറി കേന്ദ്രത്തിലേക്ക് സ്പെഷ്യൽ ഡ്യൂട്ടിയിൽ നിയോഗിച്ച് വരുന്നതായും മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

ഭരണപരമായ സൗകര്യങ്ങൾ കണക്കിലെടുത്ത് നാലാഞ്ചിറ, ഉള്ളൂർ എന്നീ വെറ്ററിനറി ഉപകേന്ദ്രത്തിലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തികകൾ സ്ഥിരമായി തിരുവനന്തപുരം ജില്ലാ വെറ്ററിനറി കേന്ദ്രത്തിലേക്ക് പുനർവിന്യസിച്ച് നൽകാവുന്നതാണെന്നും ഈ തസ്തികകളുടെ പുനർവിന്യാസം സബ് സെന്ററുകൾ അറ്റാച്ച് ചെയ്തിട്ടുള്ള സ്ഥാപനങ്ങളായ വെറ്ററിനറി ഹോസ്പിറ്റൽ നാലാഞ്ചിറ, വെറ്ററിനറി ഡിസ്പെൻസറി പോങ്ങുംമൂട് എന്നിവയുടെയും ഉള്ളൂർ വെറ്റിനറി ഉപകേന്ദ്രത്തിന്റെയും പ്രവർത്തനത്തെ യാതൊരു വിധത്തിലും ബാധിക്കുകയില്ലെന്നും പരാമർശ കത്ത് പ്രകാരം ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി.

മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പുനർവിന്യസിക്കുന്ന തസ്തിക മേലിലും സൃഷ്ടിക്കാൻ പാടില്ല എന്ന നിബന്ധനയിൽ തിരുവനന്തപുരം ജില്ലയിലെ നാലാഞ്ചിറ വെറ്ററിനറി ഹോസ്പിറ്റലിനോട് അറ്റാച്ച് ചെയ്തിട്ടുള്ള നാലാഞ്ചിറ സബ്സെന്ററിലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തികയും പോങ്ങുംമൂട് വെറ്ററിനറി ഡിസ്പെൻസറിയോട് അറ്റാച്ച് ചെയ്തിട്ടുള്ള ഉള്ളൂർ സബ്സെന്ററിലെ ലൈവ്സ്റ്റോക്ക്

ഇൻസ്പെക്ടർ തസ്തികയും തിരുവനന്തപുരം ജില്ലാ വെറ്ററിനറി കേന്ദ്രത്തിലേക്ക് പുനർവിന്യസിച്ചും ശമ്പളവും മറ്റാനുകൂല്യങ്ങളും 2403-00-101-98 (NP) ശീർഷകത്തിൽ മാറുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
നിസ്സാർ .എ
അണ്ടർ സെക്രട്ടറി

ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്),കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
വിവര പൊതുജനസമ്പർക്ക വകുപ്പ് (സർക്കാർ ഉത്തരവ് ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധപെടുത്തുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Ajayakumar. A
Date: 10-03-2025 11:14:30
സെക്ഷൻ ഓഫീസർ